രണ സ്ഥാപനങ്ങൾക്ക് ട്രഷറികളിൽനിന്നും പണം പിൻവലിക്കുവാൻ 4.3.99 ലെ സർക്കാർ ഉത്തരവ് (പി) 752/99/ധന പ്രകാരം ട്രഷറി നിയന്ത്രണങ്ങളിൽ അയവുവരുത്തുകയുണ്ടായി. കൂടാതെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന അർഹതപ്പെട്ട കേസ്സുകളിൽ തുക മാറുന്ന കാര്യത്തിൽ കാലതാമസവും ബുദ്ധിമുട്ടും ഒഴിവാക്കി ഉത്തരവാകാറുണ്ട്.

30 (993) തിരുവനന്തപുരം പെൻഷൻ പേയ്മെന്റ് ട്രഷറിയിൽ പെൻഷൻ നൽകാതിരുന്ന സംഭവം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പെൻഷൻ പേയ്മെന്റ് സബ് ട്രഷറിയിൽ 10.6.99-ൽ പെൻഷൻ നൽകാതിരുന്ന വിവരം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദൂര സ്ഥലങ്ങളിൽനിന്നും പെൻഷൻ വാങ്ങുവാൻവേണ്ടി വന്നവർ തിരികെ പോകാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഡി) ഭാവിയിൽ ഇടപാടുകാർക്ക് ഇപ്രകാരം ബുദ്ധിമുട്ടുണ്ടാകാതിരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മുകളിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(സി) 'ബി' യിൽ പറഞ്ഞ കാരണത്താൽ ബാധകമല്ല.

(ഡി) പെൻഷൻകാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത സാഹചര്യത്തിൽ ബാധകമല്ല.

31 (994) മീനങ്ങാടിയിൽ സബ് ട്രഷറി സ്ഥാപിക്കുന്നതിനുള്ള നടപടി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനങ്ങാടിയിൽ ഒരു സബ് ട്രഷറി സ്ഥാപിക്കണമെന്ന ആവശ്യത്തിൻമേൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഈ വർഷംതന്നെ സബ് ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മീനങ്ങാടിയിൽ തൽക്കാലം ഒരു സബ് ട്രഷറി സ്ഥാപിക്കണ്ട എന്നതാണ് സർക്കാർ തീരുമാനം.

(ബി) തൽക്കാലം നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly